#IIMKinMedia

Date: September 06, 2026

Newspaper: Malayala Manorama, Pg.09



കോഴിക്കോട് ഐഐഎമ്മിൽ നടന്ന സംസ്ഥാന മന്ത്രിസഭാ അംഗങ്ങൾക്കുള്ള നേതൃത്വ പരിശീലന പരിപാടി കഴിഞ്ഞ ശേഷം മുഖ്യമന്ത്രി വി.ഡി.സതീശൻ മന്ത്രിമാർക്കും, ഐഐഎം ഡയറക്ടർ പ്രഫ.ദേബാശിഷ് ചാറ്റർജിക്കും ഒപ്പം സെൽഫി എടുക്കുന്നു.

# ഭരണം: ഐഐഎം സേവനം കൂടുതൽ തേടാൻ സർക്കാർ

**▸▸ മന്ത്രിസഭായോഗം അല്ലാതെയും മന്ത്രിമാരുടെ യോഗം ചേരും**

**മനോരമ ലേഖകർ**

തിരുവനന്തപുരം / കോഴിക്കോട് ● ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐഐഎം) മന്ത്രിമാർക്കായി നടത്തിയ 'റീ ഇമാജിനിങ് കേരളം' പരിശീലനപരിപാടിയിൽ നിന്നു പ്രചോദനമുൾക്കൊണ്ട് മന്ത്രിമാർ ഇനി കൂടുതലായി ഒരുമിച്ചിരിക്കും. ആഴ്ചതോറുമുള്ള മന്ത്രിസഭായോഗം കൂടാതെയുള്ള ഒത്തുചേരലാണ് ആലോചിക്കുന്നത്. മാസത്തിൽ ഒരിക്കലെങ്കിലും ഇത്തരത്തിൽ യോഗം ചേരുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ 'മനോരമ'യോടു പറഞ്ഞു. മന്ത്രിസഭായോഗം അതിന്റെ അജൻഡയാണ് ചർച്ച ചെയ്യുന്നതെങ്കിൽ സർക്കാരുമായി ബന്ധപ്പെട്ട പൊതുവായ കാര്യങ്ങളാകും മറ്റു യോഗങ്ങളിൽ ആലോചിക്കുക.

സർക്കാരിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും ഐഐഎമ്മിന്റെ മാർഗനിർദേശം തേടും. ഇതിനായി ധാരണാപത്രം ഒപ്പുവയ്ക്കും. സമ്പദ് വ്യവസ്ഥ, സംസ്ഥാനത്തിന്റെ മനുഷ്യകേന്ദ്രിത വികസന മാതൃക നിലനിർത്തിക്കൊണ്ട് സാമ്പത്തികവളർച്ച, ധനസുസ്ഥിരത, ആരോഗ്യ-ക്ഷേമം, കാലാവസ്ഥാ വെല്ലുവിളി, സംരംഭകത്വം, നൈപുണ്യവികസനം, ഉന്നതവിദ്യാഭ്യാസം, ആഗോളതലത്തിലുള്ള കേരളത്തിന്റെ സ്ഥാനം എന്നിവയിൽ പുതിയ ഇടപെടലുകൾക്കു വഴിയൊരുക്കുന്ന ആശയങ്ങൾ പരിശീലനത്തിൽ ഉയർന്നുവന്നതായി ഐഐഎം ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജിയും മുഖ്യമന്ത്രി വി.ഡി.സതീശനും പറഞ്ഞു. ഭരണസംവിധാനത്തെ കൂടുതൽ ഫലപ്രദവും ജനകേന്ദ്രീകൃതവുമാക്കി ഭാവിയെ അഭിമുഖീകരിക്കുന്നതിനുള്ള ആശയവിനിമയം നടന്നുവെന്നും ഇരുവരും പറഞ്ഞു.

## രമേശ് ചെന്നിത്തല 'ബെസ്റ്റ് സ്റ്റുഡന്റ്'

'ഈ ക്ലാസിലെ ഏറ്റവും ബെസ്റ്റ് സ്റ്റുഡന്റിനെ തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ടാണ്. വി.ഡി.സതീശനും രമേശ് ചെന്നിത്തലയുമടക്കമുള്ളവർ ഒപ്പത്തിനൊപ്പമാണ്. പ്രായം കൂടി പരിഗണിച്ചാൽ രമേശ് ചെന്നിത്തലയാണ് മുന്നിൽ'- ഐഐഎമ്മിലെ അധ്യാപകർ ഒറ്റക്കെട്ടായി പറയുന്നു. പരിശീലന ക്ലാസുകളിൽ ഏറ്റവുമധികം ചോദ്യങ്ങൾ ചോദിച്ച ഒരാൾ രമേശ് ചെന്നിത്തലയാണ്. വി.ഡി.സതീശനും പി.കെ.ബഷീറും മുതൽ ഒ.ജെ.ജനീഷ് വരെയുള്ളവർ ഒപ്പത്തിനൊപ്പമുണ്ടായിരുന്നു. പി.കെ.ബഷീറും സി.പി.ജോണും ധാരാളം ചോദ്യങ്ങൾ ചോദിച്ചു. എ.പി.അനിൽകുമാറും റോജി ജോണും തുളസിയുമടക്കമുള്ള എല്ലാവരും ക്ലാസുകളിൽ സജീവമായിരുന്നുവെന്ന് അധ്യാപകർ പറഞ്ഞു.

# പരിശീലനം 'പുതിയ കേരള'ത്തിന്: ദേബാശിഷ് ചാറ്റർജി

**ഷാർപ് SHOT**

**ഐഐഎം കോഴിക്കോട് ഡയറക്ടർ ദേബാശിഷ് ചാറ്റർജി മനോരമയോട്**

**വി.മിത്രൻ**

കോഴിക്കോട് ● ഭാവി ലക്ഷ്യമിട്ട് കേരളത്തിന് ഒരു പുതിയ 'ബ്രാൻഡിങ് ഐഡന്റിറ്റി' രൂപപ്പെടുത്തുക എന്നതാണ് കഴിഞ്ഞ 2 ദിവസമായി സംസ്ഥാന മന്ത്രിസഭയ്ക്ക് നൽകിയ പരിശീലന ക്ലാസുകളിലൂടെ ലക്ഷ്യമിടുന്നതെന്ന് ഐഐഎം ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി. ഈ ലക്ഷ്യത്തിലൂന്നി സർക്കാരിന്റെ ഭാവിപരിപാടികൾക്ക് പിന്തുണയും മാർഗനിർദേശവും നൽകാൻ ഐഐഎം തയാറാകുമെന്നും അദ്ദേഹംപറഞ്ഞു

**Q** എന്താണ് മന്ത്രിമാരെ പഠിപ്പിച്ചത്?

**A** 'റീ ഇമാജിനിങ് കേരള' എന്ന ആശയത്തിലൂന്നി പുതിയൊരു കേരളത്തെ കണ്ടെത്തുകയെന്ന ലക്ഷ്യത്തിനായി നേതൃതലത്തിലുള്ള പരിശീലനമാണ് നടന്നത്. കേരളം പരിസ്ഥിതി വെല്ലുവിളികൾ നേരിടുന്ന കാലമാണിത്. സാമ്പത്തിക പ്രതിസന്ധികളടക്കമുള്ളവ പരിഹരിക്കാനുണ്ട്. ഏതു വിഷയവും എങ്ങനെ സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിലേക്ക് മാറ്റാമെന്ന ഉൾക്കാഴ്ച നൽകാനാണ് ശ്രമിച്ചത്.

**Q** സാമ്പത്തിക വളർച്ച എങ്ങനെ കൊണ്ടുവരാനാവും?

**A** ആളുകൾ എന്തുകൊണ്ട് കേരളത്തിൽ വരണമെന്നും എന്തുകൊണ്ട് കേരളത്തിൽ നിക്ഷേപിക്കണമെന്നും പുതിയ വ്യവസായങ്ങൾ തുടങ്ങണമെന്നും ലോകത്തിനു മുന്നിൽ അവതരിപ്പിക്കണം. മറ്റിടങ്ങളിലേക്ക് പോകുന്നതിനേക്കാൾ നിക്ഷേപകർക്ക് എന്തൊക്കെ മെച്ചമാണ് കേരളത്തിലുള്ളതെന്ന് തിരിച്ചറിഞ്ഞ് അത് ബ്രാൻഡ് ചെയ്യാനാവണം.



## ഏറെ പ്രതീക്ഷ

**Q** ഈ പരിശീലനം നൽകുന്ന പ്രതീക്ഷകൾ എന്തൊക്കെ?

**A** 15 വർഷം മുൻപ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും മന്ത്രിമാർക്കും പരിശീലനമൊരുക്കിയിരുന്നു. പുതിയ മന്ത്രിസഭയിൽ ഞങ്ങൾക്ക് ഏറെ പ്രതീക്ഷയുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ ആകാംക്ഷയോടെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നവരാണ്. ഓരോ വകുപ്പിലും നടപ്പാക്കാവുന്ന പുത്തനാശയങ്ങൾ അറിയാൻഅവർ ജിജ്ഞാസയുള്ളവരാണ്. ജപ്പാനിൽനിന്നും ലണ്ടൻ കിങ്സ് കോളജിൽനിന്നും ഉള്ള വിദഗ്ധരാണ് ഐഐഎമ്മിലെ അധ്യാപക സംഘത്തിനൊപ്പം ക്ലാസുകൾ നടത്തിയത്.